# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.328. 10.05.2017 ൽ മറുപടിയ്ക്ക്

ആയുർവേദ ഗവേഷണ കേന്ദ്രം

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആയുഷ് വകുപ്പിന്റെ കീഴിൽ ആയുർവേദ ഗവേഷണ കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ കേന്ദ്രത്തെ ലോകോത്തര സ്ഥാപനമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (ബി) | 2016-17-ലെ ബജറ്റിൽ ഈ പദ്ധതിയ്ക്കുവേണ്ടി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച 20 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ നാഷണൽ ആയുഷ് മിഷന് കൈമാറിയിട്ടുണ്ട്. അതൊടൊപ്പം ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ശ്രീ.കേശവേന്ദ്രകുമാർ, ഐ.എ.എസ്., അദ്ധ്യക്ഷനായുള്ള 11 അംഗ വിദഗ്ധ സമിതിയെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പ്രസ്തുത സമിതി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ധരെ പങ്കെടുപ്പിച്ച് മാർച്ച് മാസത്തിൽ ഒരു ശില്പശാല സംഘടിപ്പിച്ചു. ഈ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം ഉൾപ്പെടെ അനുവദിക്കുന്നതിന് കേന്ദ്ര ആയുഷ് വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനായി മൂലധന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആയുർവേദത്തിൽ സംസ്ഥാനത്തിനുള്ള മേൽക്കോയ്മ ശക്തിപ്പെടുത്തുന്ന രീതിയിൽ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ആവിഷ്കരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ആയുർവേദത്തിൽ സംസ്ഥാനത്തിനുള്ള മേൽക്കോയ്മ ശക്തിപ്പെടുത്തുന്ന രീതിയിൽ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം ആവിഷ്കരിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആയുർവേദത്തിന്റെ സമഗ്രമായ വികസനത്തിനും, ഗവേഷണത്തിനും ഊന്നൽ നൽകുന്ന രീതിയിൽ അന്തർദേശീയ നിലവാരമുള്ള ഒരു ആയുർവേദ പഠന ഗവേഷണകേന്ദ്രം 13-ാം പദ്ധതിക്കാലത്ത് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ